പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1712

15.02.2016 - ൽ മറുപടിയ്ക്ക്

## ആശ്വാസകിരണം പദ്ധതി

ചോദ്യം

ശ്രീ.എ.കെ.ബാലൻ

ശ്രീ.പി.കെ.ഗുരുദാസൻ

ശ്രീ.പി.ടി.എ.റഹീം

ശ്രീമതി.കെ.എസ്.സലീഖ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആശ്വാസകിരണം പദ്ധതിയുടെ അവലോകനം നടത്തിയിട്ടുണ്ടോ; | (എ) | ആശ്വാസകിരണം പദ്ധതിയുടെ അവലോകനം കേരള സാമൂഹ്യ സുരക്ഷാ മിഷൻ തലത്തിൽ നടത്താറുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; ആനുകൂല്യ വിതരണത്തിൽ കുടിശ്ശികയുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമായ വിധം കിടപ്പിലായ രോഗികളെയും തീവ്രമായ ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവരെയും അവരുടെ ഭവനങ്ങളിൽ പരിചരിക്കുന്നവർക്ക് പ്രതിമാസം 525/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്ന പദ്ധതിയാണിത്. കോഴിക്കോട് ജില്ലയിലെ ഗുണഭോക്താക്കൾക്ക് സാമൂഹ്യ നീതി ദിനാഘോഷത്തോടനുബന്ധിച്ച് 2015 ഡിസംബർ മാസം വരെയുള്ള ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിൽ 2015 ജൂലൈ മാസത്തിനുശേഷമുള്ള ധനസഹായം വിതരണം ചെയ്യുവാനുണ്ട്. കുടിശ്ശിക ധനസഹായം 2016 മാർച്ച് മാസത്തിൽ വിതരണം ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ തീരുമാനം കൈക്കൊള്ളുന്നത് ആരാണ്; നിലവിൽ തീർപ്പ് കല്പിക്കപ്പെടാതെ കിടക്കുന്ന | (സി) | സാമൂഹ്യനീതി വകുപ്പിലെ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെയും ശിശുവികസന പദ്ധതി ഓഫീസറുടെയും ശുപാർശയോടുകൂടി ലഭിക്കുന്ന അപേക്ഷകളിൽ കേരള സാമൂഹ്യ സുരക്ഷാ |

| | | | |
|---|---|---|---|
| | അപേക്ഷകളുടെ വിശദാംശം ലഭ്യമാക്കാമോ; | | മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറാണ് തീരുമാനം കൈക്കൊള്ളുന്നത്. 2015 ഡിസംബർ മാസം വരെ ലഭിച്ച ഏകദേശം 20,000 ത്തോളം അപേക്ഷകൾ തീർപ്പാക്കി ഡാറ്റാ എൻട്രി നടത്തുന്നതിനായി കുടുംബശ്രീ മിഷന്റെ ഐ.റ്റി യൂണിറ്റിനെ ഏൽപ്പിച്ചിരിക്കുകയാണ്. ഡാറ്റാ എൻട്രി തീരുന്നമുറയ്ക്ക് പുതിയ അപേക്ഷകർക്ക് ധനസഹായം അർഹതപ്പെട്ട മാസം മുതൽ നൽകുന്നതാണ്. |

Manoharan

**സെക്ഷൻ ഓഫീസർ**